(എ) 2016-17 സാമ്പത്തിക വർഷത്തേക്കുള്ള ബഡ്ജറ്റിന് രൂപം നൽകുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രി നേരിട്ട് നടത്തിയ പ്രീ-ബഡ്ജറ്റ് ചർച്ചകൾ ഏതൊക്കെയാണ്;

(ബി) ഏതെല്ലാം സംഘടനകളും വ്യക്തികളുമായി മുഖ്യമന്ത്രി നേരിട്ട് ചർച്ച നടത്തുകയുണ്ടായിട്ടുണ്ട്;

(സി) ബഡ്ജറ്റിൽ പരിഗണിക്കുന്നതിലേക്ക് എത്ര നിർദ്ദേശങ്ങൾ രേഖാമൂലം ലഭിച്ചിട്ടുണ്ട്?

ഉത്തരം

(എ&ബി) 29-1-2016-ൽ നടന്ന പ്രീ-ബഡ്ജറ്റ് സമ്മേളനത്തിൽ വാണിജ്യ-വ്യവസായ ടൂറിസം നികുതി മേഖലയിലെ വിവിധ പ്രശ്നങ്ങളും അവ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും ചർച്ച ചെയ്യുകയുണ്ടായി. വിവിധ സംഘടനകളെയും പ്രസ്ഥാനങ്ങളെയും പ്രതിനിധീകരിച്ച് മുപ്പതോളം വ്യക്തികൾ പ്രസ്തുത സമ്മേളനത്തിൽ പങ്കെടുത്തു.

(സി) പതിനൊന്ന് സംഘടനകളിൽ നിന്നും ധനകാര്യ വിദഗ്ധരിൽ നിന്നുമായി നാൽപ്പതിലധികം നിർദ്ദേശങ്ങൾ രേഖാമൂലം ലഭിക്കുകയുണ്ടായി.

വിദേശ വായ്പ

125 (97) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിന് ശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശ വായ്പ ലഭ്യമായിട്ടുണ്ട്; ഓരോ പദ്ധതിയുടേയും വിശദാംശങ്ങളും ലഭ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ;

(ബി) പുതിയ ഏതെല്ലാം പദ്ധതികൾക്ക് വിദേശ ഫണ്ടിംഗ് ഏജൻസികളുമായി ധനസഹായത്തിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്; പദ്ധതികളുടെ വിശദാംശങ്ങളും ആവശ്യമായ തുകയും ഫണ്ടിംഗ് ഏജൻസികളുടെ പേരും വ്യക്തമാക്കാമോ;

(സി) പുതുതായി വിദേശ സഹായം വാങ്ങാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാം; ആയതിന് സ്വീകരിച്ച് വരുന്ന തുടർനടപടികൾ എന്തെല്ലാം വ്യക്തമാക്കാമോ?

GPM. 2/237/2020-80

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഏതെല്ലാം വിദേശ വായ്പകൾ ആണ് ഇപ്പോൾ തിരിച്ചടച്ചു കൊണ്ടിരിക്കുന്നത്; പദ്ധതിയുടെ പേര്, വായ്പാത്തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിദേശ ഏജൻസികളിൽ നിന്ന് 16-5-2011 മുതൽ 31-12-2015 വരെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി ലഭിച്ച വായ്പയുടെ വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി-ഡി) വിവരം ശേഖരിച്ചുവരുന്നു.

ആസ്തി വികസന ഫണ്ട് പദ്ധതി പ്രകാരം ചെലവഴിച്ച തുക

126 (98) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വർഷം അഞ്ച് കോടിയിൽ കവിയാത്ത മേജർ വർക്കുകൾ ഏറ്റെടുക്കുത്തക്ക വിധം, അഞ്ച് വർഷം കൊണ്ട് 25 കോടി വീതം ഓരോ അസംബ്ലി മണ്ഡലത്തിലും ലഭിക്കുന്ന നിലയിൽ പ്രഖ്യാപിച്ച നിയോജക മണ്ഡലം ആസ്തി വികസന ഫണ്ട് പദ്ധതിയിൻ കീഴിൽ നാളിതുവരെ ഓരോ വർഷവും ട്രഷറിയിൽ നിന്നും പിൻവലിച്ച തുക എത്ര കോടി വീതമാണ് എന്ന് വ്യക്തമാക്കാമോ;

(ബി) 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിലേക്ക് മാറ്റിവച്ച തുക എത്ര കോടി വീതമായിരുന്നു എന്ന് അറിയിക്കുമോ;

(സി) പിന്നിട്ട നാല് വർഷംകൊണ്ട് ചെലവഴിക്കേണ്ടിയിരുന്ന 2820 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുകയും ട്രഷറിയിൽ നിന്നും തുക പിൻവലിക്കുകയും ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഉത്തരം

(എ-സി) 2012-13 സാമ്പത്തിക വർഷം ജി.ഒ.(പി) 332/2012/ധന തീയതി 11-6-2012 പ്രകാരമാണ് ആസ്തി വികസന പദ്ധതിക്ക് രൂപം നലകിയിട്ടുള്ളത്. ഒരു എം.എൽ.എ.-യ്ക്ക് 5 കോടി രൂപ വീതം മൊത്തം 705 കോടി രൂപയാണ് പ്രതിവർഷം ഈയിനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത്. എം.എൽ.എ-മാർ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly